(ബി) പോലീസ് യൂണിഫാം റൂൾസ് അനുസരിച്ച് 'വി' ഷേപ്പിലുള്ള എത്ര സ്ട്രൈപ്പുകൾ അവരുടെ യൂണിഫോമിൽ വയ്ക്കുവാൻ അനുവദിച്ചിട്ടുണ്ട്?

ഉത്തരം

(എ) 8-8-94-ലെ ജി.ഒ. (എം.എസ്.) 139/94 ഹോം എന്ന സർക്കാർ ഉത്തരവ് പോലീസ് വകുപ്പിനെ സംബന്ധിച്ചുള്ളതല്ല.

(ബി) ജി.ഒ. (എം.എസ്.) 133/94/ഹോം തീയതി 8-8-94 പ്രകാരം കേരള പോലീസ് സർവ്വീസിന്റെ യൂണിഫോം റൂൾസിൽ വരുത്തിയിട്ടുള്ള ഭേദഗതി അനുസരിച്ച് ടെക്നിക്കൽ വിഭാഗത്തിൽപ്പെട്ട ഏഴുവർഷം (ഹയർ ഗ്രേഡ്) സർവ്വീസ് പൂർത്തിയാക്കിയ പോലീസുകാർക്ക് യൂണിഫോമിൽ മൂന്ന് 'വി' ആകൃതിയിലുള്ള വെള്ള സ്ട്രൈപ്പ്സ് ധരിക്കാൻ ഉത്തരവായിട്ടുണ്ട്.

**59 (2369) പോലീസ് സേനയുടെ അംഗസംഖ്യ**

ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസിന്റെ മൊത്തം അനുവദിക്കപ്പെട്ടിട്ടുള്ള അംഗസംഖ്യ എത്രയാണ്;

(ബി) ഓരോ ജില്ലയിലേയും കണക്ക് നൽകാമോ;

(സി) ഇപ്പോൾ മൊത്തം എത്രപേർ ജോലിചെയ്യുന്നു; എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ഡി) ഡി.ജി.പി., ഐ.ജി.പി., ഡി.ഐ.ജി., എസ്.പി., എ.എസ്.പി., ഡെപ്യൂട്ടി എസ്.പി., സി.ഐ., ആർ.ഐ./എ.പി.ഐ., എസ്.ഐ./ആർ.എസ്.ഐ,/എ.പി.എസ്.ഐ, ലോക്കൽ എച്ച്.സി/എ.ആർ.എച്ച്.സി., എ.പി. ബറ്റാലിയൻ, ഹവീൽദാർ, ലോക്കൽ പി.സി./എ.ആർ.പി/ബറ്റാലിയൻ പി.സി., മറ്റു ടെക്നിക്കൽ വിഭാഗം എന്നിവയിൽ ഓരോ തസ്തികയിലേയും അഗംസംഖ്യ എത്രയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വിവിധ റാങ്കുകളിലായി പോലീസ് സേനയിൽ 44399 അംഗസംഖ്യയാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്.

(ബി) കണക്ക് അനുബന്ധമായി കൊടുത്തിട്ടുണ്ട്.†

(സി) ഇപ്പോൾ പോലീസ് സേനയിലെ 41 യൂണിറ്റുകളിലായി വിവിധ തസ്തികകളിൽ 38770 പേർ ജോലി ചെയ്യുന്നു. വിവിധ തസ്തികകളിലായി 5629 ഒഴിവുകൾ ഉണ്ട്.

(ഡി) പോലീസ് സേനാംഗങ്ങളുടെ തസ്തിക തരിച്ചുള്ള വിവരം താഴെകൊടുക്കുന്നു.

| | |
|---|---|
| പോലീസ് ഡയറക്ടർ ജനറൽ | – 1 |
| അഡീഷണൽ പോലീസ് ഡയറക്ടർ ജനറൽ | – 5 |

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

| | | |
|---|---|---|
| ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് | - | 6 |
| ഡി.ഐ.ജി. | - | 11 |
| എസ്.പി./കമാന്റന്റ് | - | 56 |
| ഡിവൈ.എസ്.പി./എസ്.പി.എ.സി | - | 225 |
| സി.ഐ./ആർ.ഐ/എ.പി.ഐ./ഡബ്ല്യൂ.സി.ഐ. | - | 448 |
| എസ്.ഐ./എ.പി.എസ്.ഐ./ആർ.എസ്.ഐ./ ഡബ്ല്യൂ.എസ്.ഐ. | - | 1592 |
| എ.എസ്.ഐ./എ.പി.എ.എസ്.ഐ./ ആർ.എ.എസ്.ഐ., ഡബ്ല്യൂ.എ.എസ്.ഐ. | - | 1607 |
| ലോക്കൽ എസ്.സി./എ.ആർ.എസ്.സി./ ബറ്റാലിയൻ ഹവീൽദാർ/ഡബ്ല്യൂ.എഫ്.സി. | - | 8237 |
| ലോക്കൽ പി.സി./എ.ആർ.പി.സി./ബറ്റാലിയൻ പി.സി./ഡബ്ല്യൂ.പി.സി. ടെക്നിക്കൽ വിംഗ് (ടെലികമ്മ്യൂണിക്കേഷൻ ഉൾപ്പെടെ) | - | 28667 |
| എസ്.പി. | - | 1 |
| ഡിവൈ.എസ്.പി. | - | 7 |
| സി.ഐ. | - | 34 |
| എസ്.ഐ. | - | 137 |
| എ.എസ്.ഐ. | - | 85 |
| എച്ച്.സി. | - | 372 |
| പി.സി. | - | 2908 |

**60 (2370) പോലീസുകാരുടെ ഡ്യൂട്ടിഭാരം കുറയ്ക്കാൻ നടപടി**

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസുകാരുടെ ഡ്യൂട്ടിഭാരം എട്ടുമണിക്കൂറായി കുറയ്ക്കുന്നതു സംബന്ധിച്ച് സർക്കാർ എന്താണ് തീരുമാനം കൈക്കൊണ്ടത്;

(ബി) ഈ തീരുമാനപ്രകാരം സംസ്ഥാനത്തെ എത്ര പോലീസ് സ്റ്റേഷനുകളിൽ ഈ നിയമം പ്രാവർത്തികമാക്കിയിട്ടുണ്ട്; ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) താലൂക്ക് ആസ്ഥാനങ്ങളിലുള്ള പോലീസ് സ്റ്റേഷനുകളിൽ ഈ നിയമം പ്രാവർത്തികമാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) പോലീസുകാരുടെ ഡ്യൂട്ടിഭാരം എട്ടുമണിക്കൂറായി കുറയ്ക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 72 പോലീസ് സ്റ്റേഷനുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ പോലീസ് കോൺസ്റ്റബിൾമാർക്കും ഹെഡ് കോൺസ്റ്റബിൾമാർക്കും 8 മണിക്കൂർ ജോലി സമ്പ്രദായം നടപ്പാക്കിയിട്ടുണ്ട്. പ്രസ്തുത സമ്പ്രദായം നടപ്പാക്കിയിട്ടുള്ള പോലീസ്

LIBRARY ARCHIVES Kerala Legislative Assembly